**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന - നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി 'താക്കീത്' നൽകി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം. 1827/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 24.08.2019

പരാമർശം :- 1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി.(വിജി) നം 314/15 നമ്പർ റിപ്പോർട്ട് .

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. പി. രാധാകൃഷ്ണന് നൽകിയ 08.05.2017 തീയതിയിലെ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ.പി രാധാകൃഷ്ണൻ സമർപ്പിച്ച 01.08.2017 തീയതിയിലെ പ്രതിവാദ പത്രിക.

4. ചീഫ് ടൗൺ പ്ലാനർ (വി.ജി) സമർപ്പിച്ച 08.10.2018 തീയതിയിലെ സി.റ്റി.പി.(വി.ജി) 691/18 നമ്പർ റിപ്പോർട്ട്.

5. നഗരകാര്യ ഡയറക്ടറുടെ 19.11.2018, 25.04.2019, 16.08.2019 തീയതികളിലെ വി3- 14375/17 നമ്പർ കത്ത്.

**ഉത്തരവ്**

ഗുരുവായൂർ നഗരസഭയിൽ ടൗൺ പ്ലാനർ വിജിലൻസ് 04.03.2015 മുതൽ 13.03.2015 വരെ നടത്തിയ പരിശോധനയിൽ ശ്രീമതി ലക്ഷ്മി, ശ്രീമതി മാലതിയമ്മ, ശ്രീ. പ്രകാശ് നമ്പീശൻ എന്നിവരുടെ ഉടമസ്ഥതയിലുള്ള ഇരിങ്ങപുരം വില്ലേജിലെ 167/1, 2, 3 സർവ്വെ നമ്പറിൽ പണി കഴിപ്പിച്ചിട്ടുള്ള G+4 നിലകളിലായി 2217.5 ച.മീ വിസ്തീർണ്ണമുള്ള ഫ്ലാറ്റിൽ കേരള മുനിസിപ്പാലിറ്റീസ് ബിൽഡിംഗ് റൂൾ 4(2), 8 (1), 39(2), 42 (4) എന്നീ ചട്ടങ്ങളിൽ ലംഘനമുണ്ടെന്ന് കണ്ടെത്തുകയും പരാമർശം ഒന്ന് പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണന് പരാമർശം രണ്ട് പ്രകാരം കുറ്റപത്രം നൽകി.

2. പ്രസ്തുത നിർമ്മാണത്തിന് 17/08/2011 ന് ബിൽഡിംഗ് പെർമിറ്റ് നൽകിയത് അന്നത്തെ നഗരസഭാ സെക്രട്ടറി ശ്രീ. പി.കെ രാധാമോഹൻ ആണെന്നും തുടർന്ന് 10/01/2012 ൽ റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റ് നൽകിയ സമയത്ത് ടിയാൻ നഗരസഭാ സെക്രട്ടറിയുടെ ചുമതലയിൽ ഇല്ലായിരുന്നുവെന്നും 28.12.2011 അപരാഹ്നം മുതൽ 10.01.2012 വരെ ജയ്പൂർ APGDUM കോൺടാക്ട് സെഷനിൽ

പങ്കെടുത്തിരുന്നതായും അന്ന് സെക്രട്ടറിയുടെ ചുമതല ഉണ്ടായിരുന്ന മുനിസിപ്പൽ എഞ്ചിനീയർ ശ്രീ. കെ. എസ്. ബാലൻ ആണ് റിവൈസ്ഡ് ബിൽഡിംഗ് പെർമിറ്റ് നൽകിയതെന്നും ശ്രീ. പി. രാധാകൃഷ്ണൻ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്. പ്രതിവാദ പത്രികയിൽ പറയുന്ന കാര്യങ്ങൾ പൂർണ്ണമായും വിശ്വാസ യോഗ്യമായി കാണുന്നില്ല. ജയ്പ്പൂരിലേയ്ക്ക് പോയതിന്റെ പിറ്റേ ദിവസം ഫയലിൽ നോട്ട് എഴുതിയതായി കാണുന്നു. തിരികെ എത്തുന്നതിന്റെ തലേ ദിവസമാണ് മുനിസിപ്പൽ എഞ്ചിനീയർ ചട്ട ലംഘനമുള്ള റിവൈസ്ഡ് പെർമിറ്റ് നൽകിയിരിക്കുന്നത്.

3. ഗുരുവായൂർ നഗരസഭയിൽ ലഭ്യമായ രേഖകൾ പരിശോധിച്ചതിൽ ശ്രീ.പി.രാധാകൃഷ്ണൻ മുനിസിപ്പൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്ന കാലയളവിലെ അറ്റൻഡൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.പി.രാധാകൃഷ്ണൻ 28.12.2011 അപരാഹ്നം മുതൽ 10.01.2012 വരെ ഓൺഡ്യൂട്ടി, ജയ്പ്പൂർ 'APGDUM Contact Session OD' എന്ന് രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നതായും, ടിയാൻ ആസ്ഥാനം വിടുന്നതായുള്ള നോട്ട് ഫയൽ പരിശോധിച്ചതിൽ ടി കാലയളവിലെ സെക്രട്ടറിയുടെ പൂർണ്ണ ഔദ്യോഗിക ചുമതല മുനിസിപ്പൽ എഞ്ചിനീയറായ ശ്രീ. കെ. എസ് ബാലന് നൽകിയിട്ടുള്ളതായി പ്രസ്തുത ഫയലിൽ 29.12.2011 ന് രേഖപ്പെടുത്തിയതായി കാണുന്നുവെന്നും ഗുരുവായൂർ നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തതായും സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതല മുനിസിപ്പൽ എഞ്ചിനീയർക്ക് നൽകുന്നതിന് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്ത നഗരകാര്യ ഡയറക്ടറേറ്റിലെ ഇ.2-18844/11 നമ്പർ ഫയൽ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല എന്നും പരാമർശം നാല് പ്രകാരം നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇതിൽ തന്നെ ഒരു അസ്വാഭാവികത കാണുന്നു. 28.12.2011-ൽ ജയ്പ്പൂരിനു പോയ സെക്രട്ടറി 29.12.2011-ൽ ഫയലിൽ രേഖപ്പെടുത്തൽ നടത്തിയത് എങ്ങനെയെന്ന് നഗരകാര്യ ഡയറക്ടർ വ്യക്തമാക്കിയിട്ടില്ല.

4. 15.06.2011-ലെ ജി.ഒ (ആർ.ടി) നം. 1418/2011/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമാണ് നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ പി.രാധാകൃഷ്ണന് APGDUM കോഴ്സിന് ചേരാൻ അനുമതി നൽകിയിട്ടുള്ളത്. കോഴ്സ് കാലയളവിൽ മറ്റൊരുദ്യോഗസ്ഥന് ചുമതല നൽകാൻ 15.12.2011 തീയതിയിൽ നഗരകാര്യ ഡയറക്ടർ സർക്കാർ ഉത്തരവിനായി അറിയിച്ചിട്ടുണ്ട്. ആയതിനാൽ യഥാസമയം തന്നെ ശ്രീ.പി.രാധാകൃഷ്ണൻ ഇക്കാര്യം നഗരകാര്യ ഡയറക്ടറെ അറിയിച്ചിട്ടുണ്ടെന്ന് അനുമാനിക്കാനുള്ള തെളിവ് ആകേണ്ടിയിരുന്ന നഗരകാര്യ ഡയറക്ടറേറ്റിലെ ഫയൽ കാണാനില്ലായെന്നാണ് നഗരകാര്യ ഡയറക്ടർ അറിയിച്ചിട്ടുള്ളത്. നഗരകാര്യ ഡയറക്ടറുടേയോ സർക്കാരിന്റേയോ ഉത്തരവില്ലാതെയാണ് ശ്രീ പി. രാധാകൃഷ്ണൻ സംസ്ഥാനത്തിന് പുറത്ത് പോയിട്ടുള്ളത്. ഇക്കാര്യത്തിലുള്ള സർക്കാർ ഉത്തരവ് 06.02.2012 തീയതിയിൽ മാത്രമേ ഇറങ്ങിയിട്ടുള്ളൂ. ഇത് തന്നെ സംസ്ഥാനത്തിന് പുറത്ത് പോയി തിരിച്ചു വന്നതിനു ശേഷം ഏകദേശം മൂന്ന് ആഴ്ചകൾക്ക് ശേഷമാണ്. നഗരകാര്യ ഡയറക്ടറുടേയോ സർക്കാരിന്റേയോ ഉത്തരവില്ലാതെ ഒരു ഉദ്യോഗസ്ഥന് സ്വയം ചാർജ്ജ് കൊടുത്തത് തെറ്റാണ്. തന്നെയുമല്ല അനധികൃതമായി ചാർജ്ജ് കൊടുത്ത ഉദ്യോഗസ്ഥൻ തെറ്റായി നൽകിയ ബിൽഡിംഗ് പെർമിറ്റ് സെക്രട്ടറി തിരിച്ചെത്തിയശേഷം പരിശോധിക്കുകയോ തിരുത്തുകയോ ചെയ്തിട്ടില്ല.

5. ശ്രീ.പി.രാധാകൃഷ്ണന്റെ ഭാഗത്ത് നിന്നും ജാഗ്രതകുറവും ഉത്തരവാദിത്വമില്ലായ്മയും കൃത്യതയില്ലായ്മയും തെളിയുന്നുണ്ട്. എങ്കിലും ഇക്കാര്യത്തിൽ പഠനാവശ്യത്തിന് പോയ ഒരു ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥനെന്ന നിലയിലും ഭാവിയിൽ കൂടുതൽ കൃത്യതയോടെയും ഉത്തരവാദിത്വ പൂർണ്ണമായും പെരുമാറുമെന്ന പ്രതീക്ഷയിലും ശ്രീ പി. രാധാകൃഷ്ണനെതിരായ അച്ചടക്ക നടപടി, ഔദ്യോഗിക നടപടി ക്രമങ്ങളിൽ കൂടുതൽ ജാഗ്രതയും ആത്മാർത്ഥതയും, സത്യസന്ധതയും പുലർത്തണമെന്ന് താക്കീത് (Censure) നൽകി തീർപ്പാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജെയ്സി പോൾ**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.
ശ്രീ. പി. രാധാകൃഷ്ണൻ, മുൻ സെക്രട്ടറി, ഗുരുവായൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.